**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2240** **30-07-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നാണ് ഈ പദ്ധതി ആവിഷ്കരിച്ചതെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷത്തിലാണ് ജലജീവൻ മിഷൻ പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിൽ 21.42 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്.. ഇതിൽ 2020-21 സാമ്പത്തിക വർഷം 404464 കുടിവെള്ള കണക്ഷനുകൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. മുൻ വർഷം നൽകുവാൻ ശേഷിക്കുന്ന കണക്ഷനുകൾ  കൂടി ഉൾപ്പെടുത്തി 29.37 ലക്ഷം കുടിവെള്ള കണക്ഷനുകൾ ജല ജീവൻ പദ്ധതിയിൽ നൽകുവാനാണ് 2021-22 സാമ്പത്തിക വർഷം ലക്ഷ്യമിട്ടിട്ടുള്ളത് . 2021-22 വർഷത്തിൽ 24-07-2021 ലെ കണക്കനുസരിച്ച് 2,11,547 കുടിവെള്ള കണക്ഷനുകൾ നല്കികഴിഞ്ഞിട്ടുണ്ട്. പരമാവധി കണക്ഷനുകൾ നൽകുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണോ; എങ്കിൽ പദ്ധതിയിൽ കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം, തദ്ദേശസ്ഥാപനവിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ജല ജീവൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. 15% വിഹിതം ബന്ധപ്പെട്ട തദ്ദേശ്ശസ്വയംഭരണസ്ഥാപനമാണ് വഹിക്കേണ്ടത് വില്ലേജ് ഇൻഫ്രാസ്ട്രക്ചർ നടപ്പിലാക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തുകയുടെ 10 ശതമാനം ഉപഭോക്തൃ വിഹിതമായും ഉറപ്പാക്കേണ്ടതുണ്ട്. |
| (സി) | ഈ പദ്ധതി ഗ്രാമീണമേഖലകൾക്കായി മാത്രമുള്ളതാണോ; എങ്കിൽ നഗരമേഖലകളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | ജല ജീവൻ പദ്ധതി ഗ്രാമീണ മേഖലക്ക് മാത്രമുള്ളതാണ്. നഗര മേഖലക്കായി നിലവിൽ കിഫ്ബി, അമൃത് ,സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയിലൂടെ  കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിനുപുറമെ തദ്ദേശ്ശ സ്വയംഭരണ സ്ഥാപങ്ങളുടെ ഡെപ്പോസിറ്റ്, എം.പി/ |

| | | | |
|---|---|---|---|
| | | | എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾ വഴിയും  പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ